# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5952**

08/07/2013 - ലെ മറുപടിയ്ക്ക്

## വളം സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം

**ചോദ്യം**

ശ്രീ. ജി.സുധാകരൻ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. ബാബു എം പാലിശ്ശേരി
ശ്രീമതി കെ.എസ്.സലീഖ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** വളം സബ്സിഡി വീണ്ടും വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 01/04/2010 മുതൽ കേന്ദ്രസർക്കാർ ന്യൂട്രിയന്റ് ബേസ്ഡ് പദ്ധതി നടപ്പിലാക്കുകയും വളം സബ്സിഡി നൽകുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുകയുമുണ്ടായി. ഇതനുസരിച്ച് 01/04/2012 മുതൽ ഈ സബ്സിഡി കേന്ദ്രസർക്കാർ കുറവ് ചെയ്തിട്ടുണ്ട്. വീണ്ടും 01/04/2013 മുതൽ കുറവു വരുത്തുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വളത്തിന്റെ പേര് | 01/04/2012 മുതലുള്ള സബ്സിഡി തുക ടണ്ണിന് | 01/04/2013 മുതലുള്ള സബ്സിഡി തുക ടണ്ണിന് |
|---|---|---|
| മ്യൂററ്റ് ഓഫ് പൊട്ടാഷ് | 14400 | 11300 |
| ഫാക്ടം ഫോസ് | 9379 | 8129 |
| ഡി.എ.പി. | 14350 | 12350 |
| 10:26;26 | 14309 | 11841 |
| 20:20:0:13 | 9379 | 8129 |

**(ബി)** ഈ തീരുമാനം സംസ്ഥാനത്തെ കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**(ബി)** ഈ തീരുമാനം കർഷകർക്ക് ഓരോ വിളയുടെയും മൊത്തം കൃഷിച്ചെലവിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കും.

**(സി)** സംസ്ഥാനത്തെ കർഷകരെ വളം വിലയുടെ വർദ്ധനവിന്റെ ആഘാതത്തിൽ നിന്നും രക്ഷിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

**(സി)** കൃഷി വകുപ്പ്, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് വിലയുടെ 50% വരെ സബ്സിഡി നൽകുന്നു.

സെക്ഷൻ ഓഫീസർ